LIBRARY ARCHIVES Kerala Legislative Assembly

ഒരു രൂപയ്ക്ക് അരി പദ്ധതി

102 (2597) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'ഒരു രൂപയ്ക്ക് അരി' പദ്ധതിയുടെ പ്രയോജനം ഏതെല്ലാം വിഭാഗക്കാർക്കാണ് ലഭിച്ചുകൊണ്ടിരിക്കുന്നത് ;

(ബി) പ്രസ്തുത പദ്ധതിയിൽ കൂടുതൽ ആളുകളെ ഉൾപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ ; ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഒരു രൂപയ്ക്ക് അരി പദ്ധതിയുടെ പ്രയോജനം ഇപ്പോൾ ബി.പി.എൽ. കാർഡുടമകൾക്കും എ.എ.വൈ. കാർഡുടമകൾക്കും സർക്കാർ അംഗീകാരമുള്ള വെൽഫയർ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കുമാണ് നൽകുന്നത്.

(ബി) ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിനുവേണ്ടി മുൻഗണനാ വിഭാഗത്തിൽവരുന്ന കാർഡുടമകളെ കണ്ടെത്തുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. ഇത് നടപ്പാക്കുമ്പോൾ നിലവിൽ ബി.പി.എൽ., എ.എ.വൈ. വിഭാഗങ്ങളിലുൾപ്പെട്ടിട്ടുള്ളവർക്ക് പുറമെ അർഹരായ 60 ലക്ഷം പേരെക്കൂടി ഈ പദ്ധതിയിലുൾപ്പെടുത്താൻ കഴിയും.

മെഗാ ഫുഡ് പാർക്ക് പദ്ധതി

103 (2598) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാരിന്റെ മെഗാ ഫുഡ് പാർക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ഫുഡ് പാർക്കുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഫുഡ് പാർക്കുകൾ ആരംഭിക്കുന്നത് എവിടെയെല്ലാമാണെന്ന് വിശദീകരിക്കാമോ ?